# കേന്ദ്ര വിദേശകാര്യ മന്ത്രിയും യുഎസ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് റെക്സ് ടില്ലേർസനും തമ്മിൽ നടത്തിയ ടെലിഫോൺ സംഭാഷണം

ഫെബ്രുവരി 15, 2017

കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജും യുഎസ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് റെക്സ് ടില്ലേർസനും തമ്മിൽ ഫെബ്രുവരി 15, 2017 നു ടെലിഫോൺ സംഭാഷണം നടത്തുകയുണ്ടായി

ഇന്ത്യയും യുഎസും തമ്മിലുള്ള ബഹുമുഖ - തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തമാക്കുവാനും വികസിപ്പിക്കുവാനും വേണ്ടി വളരെ അടുത്തു പ്രവർത്തിക്കാമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രിയും സെക്രട്ടറി ടില്ലേഴ്സനും തീരുമാനിച്ചു. പരസ്പരം താത്പര്യമുള്ള വിഷയങ്ങളിൽ മാത്രമല്ല , മേഖലാ ആഗോള പ്രാധാന്യമുള്ള വിഷയങ്ങളിലും ഇന്ത്യയും യുഎസും തമ്മിൽ വളരെ അടുത്തതും ശക്തവുമായ ബന്ധങ്ങൾ ആണുള്ളതെന്ന് അവർ ഊന്നിപ്പറഞ്ഞു . ഈ പശ്ചാത്തലത്തിൽ പ്രതിരോധം, സുരക്ഷ, ഊർജം, സാമ്പത്തികം എന്നിവ ഉൾപ്പെടെവിവിധ മേഖലകളിലെ സഹകരണം , കൂടുതൽ തീവ്രമാക്കുവാനും അവർ തീരുമാനിച്ചു

. തീവ്രവാദത്തിനെതിരെയുള്ള ആഗോള യുദ്ധത്തിൽ വളരെ അടുത്ത് സഹകരിക്കാനായി പ്രധാനമന്ത്രി മോദിയും പ്രസിഡണ്ട് ട്രംപും പ്രകടിപ്പിച്ച നിശ്ചയദാർഢ്യം പിന്തുടരുമെന്ന് ഇവരും തീരുമാനിച്ചു

ന്യൂഡെൽഹി
ഫെബ്രുവരി 15, 2017